**കേരള സർക്കാർ**
**പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്**

നംപർ. 67689/ജി 2/14/പൊ.വി.വ — തിരുവനന്തപുരം, തീയതി - 06.12.2014

# സർക്കുലർ

വിഷയം- പൊതുവിദ്യാഭ്യാസ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസ് - 'റൺ കേരളാ റൺ' നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

*****

2015 ജനുവരി 31 ന് ആരംഭിക്കുന്ന ദേശീയ ഗെയിംസിനു മുന്നോടിയായി ജനുവരി 3-ാം വാരത്തിൽ **'റൺ കേരളാ റൺ'** എന്ന പേരിൽ ഒരു കൂട്ടയോട്ടം നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ സംരംഭത്തിൽ എല്ലാ വിദ്യാലയങ്ങളുടെയും പങ്കാളിത്തമുണ്ടാകേണ്ടതാണ്.

ജില്ലാ കളക്ടർമാർ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് **'റൺ കേരളാ റൺ'** നടത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾക്ക് രൂപം നൽകും. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർ അവരുടെ കീഴിലുള്ള ഹെഡ് മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

സ്കൂൾ കുട്ടികൾ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ, രക്ഷകർത്താക്കൾ, നാട്ടുകാർ തുടങ്ങിയവരെ കൂട്ടയോട്ടത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്കുശേഷം സ്കൂളിൽ നിന്നാരംഭിച്ച് അവിടെ അവസാനിപ്പിക്കുന്ന രീതിയിൽ ഒരു കിലോമീറ്ററോളം ദൂരം കൂട്ടയോട്ടം നടത്തുന്ന രീതിയിലായിരിക്കണം **'റൺ കേരളാ റൺ'** സംഘടിപ്പിക്കേണ്ടത്.

.... 2

പ്രതിജ്ഞയെടുക്കൽ, തീം സോംഗ് കേൾപ്പിക്കൽ, കൂട്ടയോട്ടം ആകർഷകമാക്കുന്നതിനുള്ള മറ്റു പരിപാടികൾ എന്നിവ സർക്കാരിന്റേയും, ദേശീയ ഗെയിംസ് ഡയറക്ടറേറ്റിന്റെയും നിർദ്ദേശാനുസരണം സംഘടിപ്പിക്കാൻ എല്ലാ വകുപ്പുമേധാവികളും ശ്രദ്ധിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
എ. ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
✓ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും }
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } (ഡി.പി.ഐ മുഖേന)
കായികയുവജനകാര്യ വകുപ്പ്
വിവര പൊതു ജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിനായി)
ചീഫ് കമ്മീഷണർ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
Sreedevi
സെക്ഷൻ ഓഫീസർ

Endt. No. Acd C4/56669/HSE/14 Dated:

For information and necessary action.

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date............

20/12/14
Joint Director
(Academic)

To,
1. All higher Secondary School principals.
2. Regional Deputy Director, TVPM/KTYM/EKLM/MLPM/KNR/KKD